പ്രഫ. കെ.എ സിദ്ദീഖ് ഹസൻ

# വി.എം. എന്ന വലിയ മനുഷ്യൻ

**തൊള്ളായിരത്തി** അറുപത്തി അഞ്ചിൽ ശാന്തപുരത്ത് വിദ്യാർഥിയായിരിക്കെ, വിസിറ്റിംഗ് പ്രഫസറായി കോളേജിലേക്ക് വരുന്ന പ്രഫ. വി. മുഹമ്മദ് സാഹിബിനെ സ്വീകരിക്കാൻ പെരിന്തൽമണ്ണയിലേക്ക് പോകണമെന്നും അവിടെനിന്ന് കോളേജിലേക്ക് കൂട്ടിക്കൊണ്ടുവരണമെന്നും പ്രിൻസിപ്പൽ അബുൽ ജലാൽ മൗലവി എന്നോടാവശ്യപ്പെട്ടു. ഫാറൂഖ് കോളേജ് കാമ്പസിൽ തന്നെയുള്ള റൗദത്തുൽ ഉലൂം അറബിക്കോളേജിലെ മുൻ വിദ്യാർഥിയെന്ന നിലക്ക് വി.എമ്മിനെ അറിയുന്ന ഒരാൾ വേണം സ്വീകരിക്കാൻ എന്നതിനാലാണ് ഈ ചുമതല എന്നെ ഏൽപിച്ചത്. ഫാറൂഖ് കോളേജ് കാമ്പസിൽ വെച്ച് പരിചയമുണ്ടായിരുന്നെങ്കിലും അന്ന് വി.എമ്മുമായി വ്യക്തിപരമായ അടുപ്പം കുറവായിരുന്നു. പെരിന്തൽമണ്ണയിലെ കൂടിക്കാഴ്ചയിൽ തുടക്കമിട്ട വ്യക്തിബന്ധം പിന്നിട്ട അരനൂറ്റാണ്ടിനിടക്ക് അഗാധമായ ആത്മബന്ധമായി വളരുകയായിരുന്നു.

റൗദത്തിലെത്തുന്നതിനുമുമ്പ് തന്നെ വി.എം എന്ന വലിയ മനുഷ്യൻ എന്റെ ഹൃദയത്തിൽ സ്ഥാനമുറപ്പിച്ചിരുന്നു. 1962 മുതൽ കൊടുങ്ങല്ലൂരിൽ വർഷം തോറും നടന്നുപോന്ന വിദ്യാർഥി-യുവജന ക്യാമ്പിൽ വി.എമ്മിന്റെ 'ഖുർആനും ശാസ്ത്രവും' പഠന ക്ലാസ് പ്രധാനമായ ഒരു പരിപാടിയായിരുന്നു. വിദ്യാർഥിയായിരുന്ന അന്നേ വി.എമ്മിനെ അത്ഭുതാദരങ്ങളോടെയാണ് നോക്കിക്കണ്ടത്. അക്കാലത്ത് യുക്തിവാദത്തിലാകൃഷ്ടരായ മുസ്‌ലിം ചെറുപ്പക്കാർ വി.എമ്മിന്റെ ക്ലാസ്സിൽ ഏറെ താൽപര്യത്തോടെയാണ് പങ്കെടുത്തിരുന്നത്. എന്നല്ല ആറും ഏഴും ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പിലെ ശ്രദ്ധേയമായ പരിപാടികളിലൊന്ന് വി.എമ്മിന്റെ പഠനക്ലാസ്സായിരുന്നു. അറിയപ്പെടുന്ന യുക്തിവാദികൾ പോലും പരിപാടിയിൽ പങ്കെടുത്ത് ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നത് ഇപ്പോഴും ഓർക്കുന്നു. അളന്നുമുറിച്ച വാക്കുകളിൽ, പ്രസന്നഭാവത്തോടെ, ശാന്തനായി എല്ലാറ്റിനും വി.എം കൃത്യമായി മറുപടി പറഞ്ഞു. ഖുർആനികാധ്യാപനങ്ങളെ ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുന്ന ഖുർആൻ-ശാസ്ത്ര ക്ലാസ്സുകൾ ഒരു പഠന ക്ലാസ്സിലുപരി ഇസ്‌ലാമികപ്രബോധനം സംബന്ധിച്ച വി.എമ്മിന്റെ കാഴ്ചപ്പാടിന്റെയും നിരന്തര ഗവേഷണത്തിന്റെയും ഭാഗമായിരുന്നു. ആധുനിക കാലഘട്ടത്തിലെ അഭ്യസ്തവിദ്യരായ തലമുറക്ക് തൗഹീദും രിസാലത്തും ആഖിറത്തും ഉൾപ്പെടെയുള്ള ഇസ്‌ലാമിക പാഠങ്ങൾ ശാസ്ത്രീയമായും യുക്തിഭദ്രമായും വേണം സമർപ്പിക്കാൻ എന്ന് വി.എമ്മിന് നിർബന്ധമുണ്ടായിരുന്നു. ശാസ്ത്രപഠനവും ശാസ്ത്രാധ്യാപനവും അതിനു വഴിയൊരുക്കുമെന്നും അദ്ദേഹം മനസ്സിലാക്കി. ആ കാഴ്ചപ്പാട് വളർന്നാണ്, പിൽക്കാലത്ത് ടി.പി കുട്ട്യാമ്മു സാഹിബ്, കെ.സി അബ്ദുല്ല മൗലവി, ഡോ. സി.പി അബൂബക്കർ, പ്രഫ. മുസ്ത്വഫാ കമാൽ പാഷ എന്നിവരെ കൂട്ടി ശാസ്ത്ര വിചാര വേദിക്കും *ശാസ്ത്രവിചാരം* മാസികക്കും തുടക്കം കുറിക്കാനിടയായത്.

ഫാറൂഖ് കോളേജിൽ ദീർഘകാലം അറബി അധ്യാപകനും പിന്നീട് പ്രിൻസിപ്പലുമായിരുന്ന വി.എം കാമ്പസിന്റെ ഹൃദയത്തിൽ ഉന്നത സ്ഥാനമാണ് അലങ്കരിച്ചത്. ഫാറൂഖ് കോളേജിന്റെ സാംസ്കാരിക പരിസരം രൂപപ്പെടുത്തുന്നതിൽ വി.എമ്മിന്റെ വ്യക്തിത്വത്തിനുള്ള പങ്ക് ചെറുതല്ല. അധ്യാപകനായിരിക്കെ അദ്ദേഹത്തിന്റെ ക്ലാസ് ശ്രദ്ധിക്കാൻ ഇതര ഡിപ്പാർട്ട്മെന്റുകളിലെ വിദ്യാർഥികൾ പോലും എത്തുമായിരുന്നു. ക്ലാസ്സും പ്രസംഗവും ജീവിതവും ഒരേ താളത്തിൽ കാമ്പസിന്റെ വെളിച്ചമായി. വി.എമ്മിന്റെ വിദ്യാർഥികൾക്ക് അദ്ദേഹം കേവലം അധ്യാപകനെന്നതിലുപരി ഗുരുവും വഴികാട്ടിയുമായിരുന്നു. അതുകൊണ്ടാണ് റിട്ടയർ ചെയ്ത് അനേക വർഷങ്ങൾക്കു ശേഷവും കേരളത്തിന്റെ നാനാഭാഗത്തുനിന്നും പൂർവവിദ്യാർഥികൾ തീർഥാടന കേന്ദ്രത്തിലേക്കെന്നപോലെ ഫാറൂഖ് കോളേജിലെ 'പൂക്കില്ലത്ത്' വീട്ടിലേക്ക് ഒഴുകിയെത്തിയത്.

വിദ്യാർഥികൾക്ക് മാത്രമല്ല സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും വി.എമ്മുമായുള്ള കൂടിക്കാഴ്ചകൾ മറക്കാനാവാത്ത അനുഭവമാണ്. കേരളത്തിൽനിന്ന് പ്രവർത്തനരംഗം ദൽഹിയിലേക്ക് മാറ്റിയ ശേഷം നാട്ടിലെത്തുമ്പോഴൊക്കെ ഞാൻ 'പൂക്കില്ലത്ത്' വീട്ടിലെത്തി സൗഹൃദം പുതുക്കുമായിരുന്നു. ഏറ്റവുമൊടുവിൽ രണ്ടുമാസം മുമ്പ് ആക്സിഡന്റ് പറ്റി വീട്ടിൽ കഴിയുമ്പോൾ ചെന്നു കണ്ട രംഗം കണ്ണീരോടെ മാത്രമേ ഓർക്കാനാവൂ. ഏറെ നേരം സംസാരിച്ചു, ഏറെ കാര്യങ്ങൾ പറഞ്ഞു. ദീനിന്റെയും സമുദായത്തിന്റെയും ഭാവിയെക്കുറിച്ച ഉത്കണ്ഠയാണ് അതിലൊക്കെയും നിറഞ്ഞുനിന്നത്. ഓരോ പ്രാവശ്യവും പിരിയുമ്പോൾ ഈ ലോകത്തു വെച്ച് ഇനിയും കണ്ടുമുട്ടാനാകുമോ എന്ന ആശങ്ക മനസ്സിനെ മഥിച്ചു. ദീർഘനാൾ ഇനിയും അതിനു ഉതവി ലഭിക്കേണമേ എന്ന് മൗനമായി പ്രാർഥിച്ചു. എന്നാൽ, അതിങ്ങനെയായിരിക്കുമെന്ന് ഒരിക്കലും കരുതിയില്ല, എല്ലാം റബ്ബിന്റെ വിധി.

കേരളത്തിലെ ഇസ്‌ലാമിക നവോത്ഥാനചലനങ്ങൾക്ക് തന്റേതായ സംഭാവനകൾ അർപ്പിച്ചുകൊണ്ടാണ് വി.എം കടന്നുപോയത്. ഇസ്‌ലാമിക പ്രബോധനം, ഇസ്‌ലാമിക സമൂഹത്തിന്റെ നവോത്ഥാനം, ബഹുസ്വര സമൂഹത്തിലെ സമുദായബന്ധങ്ങൾ, മുസ്‌ലിംസംഘടനകൾക്കിടയിലെ സഹകരണം എന്നീ വിഷയങ്ങളിലെല്ലാം വി.എമ്മിന് സ്വന്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ആ കാഴ്ചപ്പാടുകൾക്കനുസരിച്ച് തന്റെ പ്രവർത്തനങ്ങൾ അദ്ദേഹം ചിട്ടപ്പെടുത്തി. എം.എസ്.എസ്സിന്റെ കാര്യദർശിയായും അമരക്കാരനായും ആ മാർഗത്തിൽ തന്നാലാവുന്നതൊക്കെ ചെയ്തു. മുസ്‌ലിം സമൂഹത്തിന്റെ ഐക്യത്തിനായി അക്ഷീണം യത്നിച്ചു.

മുസ്‌ലിം സൗഹൃദവേദിയുടെ തുടക്കം മുതലേ അതിന്റെ എല്ലാ യോഗങ്ങ

ളിലും വി.എം സജീവമായി പങ്കെടുത്തു. സംഘടനകളെ യോജിപ്പിക്കുന്നതിനായി ഏറെ താൽപര്യമെടുത്തു. കാഴ്ചപ്പാടുകളിലും സമീപനങ്ങളിലും ഭിന്നത പുലർത്തുന്ന വിവിധ മുസ്‌ലിം സംഘടനകൾ പരസ്പരം വിട്ടുവീഴ്ചയോടെ മുന്നോട്ടു പോകണമെന്ന നിലപാടായിരുന്നു അദ്ദേഹത്തിന്. എല്ലാവരുമായും സൗഹൃദത്തിൽ വർത്തിക്കാൻ പരമാവധി ശ്രമിച്ചു.

ജമാഅത്തുമായുള്ള വി.എമ്മിന്റെ ബന്ധം പ്രത്യേക പരാമർശമർഹിക്കുന്നു. ശാന്തപുരത്തെ വിസിറ്റിംഗ് പ്രഫസറായിരുന്ന കാര്യം സൂചിപ്പിക്കുകയുണ്ടായി. ആദ്യകാലത്ത് ശാന്തപുരത്ത് മാത്രമല്ല, ജമാഅത്തിന്റെ ഏതാണ്ട് എല്ലാ വേദികളിലും വി.എമ്മിന് പരിപാടികൾ കാണുമായിരുന്നു. കൊടുങ്ങല്ലൂരിലെ ക്യാമ്പിന്റെ കാര്യം പറഞ്ഞു. ശാസ്ത്ര വിചാരവേദി തുടങ്ങിയപ്പോൾ മർഹൂം കെ.സിയും ഒപ്പമുണ്ടായിരുന്നു. സ്വന്തമായ കാഴ്ചപ്പാടുകളും നിലപാടുകളും ഉള്ളതോടൊപ്പം ജമാഅത്തിന്റെ ആശയങ്ങളോടും കാഴ്ചപ്പാടുകളോടും ഏറെ അടുപ്പം പുലർത്തിയ ഉറ്റ സഹയാത്രികനായിരുന്നു വി.എം. പ്രസ്ഥാനനേതൃത്വത്തിലെ ഏതാണ്ട് എല്ലാവരുമായും അടുത്ത സൗഹൃദമാണ് അദ്ദേഹം പുലർത്തിപ്പോന്നത്. പ്രസ്ഥാനത്തിന്റെ മുഴുവൻ പ്രവർത്തകരും ഏറെ സ്നേഹത്തോടും ബഹുമാനത്തോടും കൂടിയാണ് അദ്ദേഹത്തെ കണ്ടിരുന്നത്.

പ്രഫ. വി. മുഹമ്മദ് സാഹിബിന്റെ ജീവിതം എല്ലാ നിലക്കും വ്യത്യസ്തമായിരുന്നു. ഒരുപാട് യോഗ്യതകളുള്ള അപൂർവ വ്യക്തിത്വമായിരുന്നുവെങ്കിലും അതൊന്നും ആരോടും വിളിച്ചുപറയാനോ ബഹളം വെക്കാനോ നിൽക്കാതെ, ആൾക്കൂട്ടത്തിൽ തനിയെ നടന്നു. ക്ലാസ്സുകളിലും പ്രഭാഷണങ്ങളിലും ജീവിതത്തിലും എല്ലാം സവിശേഷമായ ഒരു വി.എം ടച്ച് പുലർത്തി. ലാളിത്യം ആ ജീവിതത്തിന്റെ മുഖമുദ്രയായിരുന്നു. വാക്കുകളിലും പ്രവൃത്തികളിലും ഏറെ മിതത്വം പുലർത്തി. ഹൃദയം നിറയെ സ്നേഹവുമായി ഒരു പുരുഷായുസ്സ് മുഴുവൻ സമൂഹത്തിനു വേണ്ടി സമർപ്പിച്ചു. രചനയും പ്രഭാഷണങ്ങളും ജുമുഅ ഖുത്ബയും വ്യക്തിബന്ധങ്ങളും അതിനായി ഉപയോഗപ്പെടുത്തി. എല്ലാം കൊണ്ടും ധന്യമായ ജീവിതം.

ഇന്നിപ്പോൾ വി.എം നമ്മോടൊപ്പമില്ല. സ്രഷ്ടാവിന്റെ വിളിക്ക് ഉത്തരം നൽകി അദ്ദേഹം യാത്രയായിക്കഴിഞ്ഞു. വി.എമ്മിന്റെ വിയോഗത്തോടെ ഫാറൂഖ് കോളേജിലെയും മുസ്‌ലിം കേരളത്തിലെയും ഒരു തലമുറയുടെ തിരോധാനമാണ് പൂർത്തിയാവുന്നത്. തീർച്ചയായും ഇതൊരു വിടവാണ്. സമുദായവും സമൂഹവും ഒട്ടേറെ കടുത്ത വെല്ലുവിളികളെ നേരിടുന്ന വർത്തമാനകാല സാഹചര്യത്തിൽ വിശേഷിച്ചും.

കാലമേറെ ചെന്നാലും വി.എം പകർന്നുതന്ന അറിവും കാഴ്ചപ്പാടും ജീവിതമാതൃകകളും തലമുറകൾക്ക് വെളിച്ചമായി നിലകൊള്ളുകതന്നെ ചെയ്യും. സർവശക്തനായ അല്ലാഹു അദ്ദേഹത്തിന്റെ വീഴ്ചകൾ പൊറുത്തുകൊടുക്കുമാറാകട്ടെ, അദ്ദേഹത്തെയും നമ്മെയും ജന്നാത്തുൽ ഫിർദൗസിൽ പ്രവേശിപ്പിക്കുമാറാകട്ടെ-ആമീൻ. ■

## പ്രഫ. വി. മുഹമ്മദ് (1928-2007)

1928 മാർച്ച് ഒന്നിന് ഗുരുവായൂർ അബ്ദുൽഖാദിർ ഹാജിയുടെ മകൻ അബുസാഹിബിന്റെയും വാടാനപ്പള്ളി മൂസാ ഹാജിയുടെ മകൾ ആഇശാ ബീവിയുടെയും മകനായി ഗുരുവായൂരിൽ ജനിച്ചു. പിതാവ് കർഷകനായിരുന്നു. മാതാവ് തലശ്ശേരി തച്ചറക്കൽ തറവാട്ടുകാരിയാണ്. ഓത്തുപള്ളിയിലും പള്ളിദർസിലുമായിരുന്നു മതപഠനം. കൂട്ടായി അബ്ദുല്ലക്കുട്ടി മുസ്‌ലിയാരാണ് ആദ്യ ഗുരുനാഥൻ. കാരക്കാട് എ.എൽ.പി സ്കൂൾ, ചാവക്കാട് ഡിസ്ട്രിക്റ്റ് ബോർഡ് ഹൈസ്കൂൾ എന്നിവിടങ്ങളിൽനിന്ന് സ്കൂൾ വിദ്യാഭ്യാസം നേടി. 1944-ലാണ് പത്താം ക്ലാസ് പൂർത്തീകരിച്ചത്. മദ്രാസ് മുഹമ്മദൻസ് കോളേജിൽനിന്ന് 1948-ൽ ബി.എ അറബിക് പാസ്സായി. ജോലിയിൽ പ്രവേശിച്ച ശേഷം പ്രൈവറ്റായി എം.എ പരീക്ഷയെഴുതി. വിദ്യാർഥിയായിരിക്കെ മെഡിസിനിലുള്ള താൽപര്യം കാരണം പ്രൈവറ്റായി ഹോമിയോപ്പതി പഠിച്ച് പരീക്ഷ പാസ്സായി.

1948 ആഗസ്റ്റ് 12-ന് ഫാറൂഖ് കോളേജ് ആരംഭിച്ച ദിവസം തന്നെ അവിടെ അറബി അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് വകുപ്പ് മേധാവിയായി. 1979-ൽ പ്രിൻസിപ്പലായി സ്ഥാനമേറ്റു. 1983 മാർച്ച് 31-ന് വിരമിച്ചു. 1983-'85 കാലത്ത് എം.എസ്.എസ് ജനറൽ സെക്രട്ടറിയായും 1985-'89, 1997-'99 കാലയളവിൽ പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. എം.എസ്.എസ് കൾച്ചറൽ അഫയേഴ്സ് കമ്മിറ്റി ചെയർമാൻ, ഫറോക്ക് റൗദത്തുൽ ഉലൂം സീനിയർ മെമ്പർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. 1992 മുതൽ 15 വർഷം കോഴിക്കോട് ചെറൂട്ടി റോഡിലെ എം.എസ്.എസ് പള്ളിയിൽ ഖത്വീബായിരുന്നു. *അൽ മൻഹൽ* അറബി-മലയാളം നിഘണ്ടു മുഹമ്മദ് അബുസ്സലാഹ് മൗലവിയോടൊപ്പം രചിച്ചു. ഖുർആൻ പരിഭാഷ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ഇസ്‌ലാമിക ദർശനം' എന്ന ഗ്രന്ഥം എഡിറ്റ് ചെയ്തു.

ശാസ്ത്ര വിഷയങ്ങളിൽ തൽപരനായിരുന്ന അദ്ദേഹം *ശാസ്ത്രവിചാരം* മാസിക പുറത്തിറക്കുന്നതിലും പിന്നീട് പുനഃ പ്രസിദ്ധീകരിക്കുന്നതിലും നേതൃപരമായ പങ്കുവഹിച്ചു. മാസികയുടെ ചീഫ് എഡിറ്ററായിരുന്നു. 2007 മെയ് 15-ന് അന്തരിച്ചു.